I ഇ.ബി. XIII-കേരള നിയമസഭ/XVI-11

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2016 ഫെബ്രുവരി 24, ബുധൻ

നിയമസഭ രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട തൊണ്ണൂറ്റിമൂന്നാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട തൊണ്ണൂറ്റിമൂന്നാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് റവന്യൂവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(സന്ദർശക ഗ്യാലറിയിലിരുന്ന് മുദ്രാവാക്യം വിളിച്ചവരെ സുരക്ഷാവിഭാഗം ജീവനക്കാർ പുറത്തേയ്ക്ക് പിടിച്ചുകൊണ്ടുപോകുകയും മുദ്രാവാക്യം വിളിച്ചതിൽ ഉൾപ്പെട്ടിരുന്ന കുട്ടിയെ സുരക്ഷാവിഭാഗം ജീവനക്കാർ മർദ്ദിച്ചുവെന്നാരോപിച്ച് സ്പീക്കറുടെ ഡയസിന് സമീപംവന്നുനിന്ന് പ്രതിപക്ഷാംഗങ്ങൾ ബഹളംവയ്ക്കുകയും ഇക്കാര്യം പരിശോധിക്കാമെന്ന് സ്പീക്കർ അറിയിച്ചതിനെത്തുടർന്ന് അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോകുകയും ചെയ്തു.)

## അടിയന്തരപ്രമേയം

<u>പാമൊലിൻ കേസ്</u>

<u>മി. സ്പീക്കർ</u>: ഖജനാവിന് കോടികൾ നഷ്ടം വരുത്തിയ പാമൊലിൻ ഇടപാട് അന്ന് ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാമായിരുന്നുവെന്ന തൃശ്ശൂർ വിജിലൻസ് കോടതിയുടെ നിരീക്ഷണത്തിനുശേഷവും അദ്ദേഹം മുഖ്യമന്ത്രിസ്ഥാനത്ത് തുടരുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രാജു എബ്രഹാം, വി. എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 1991-92 കാലയളവിൽ കേരളത്തിൽ പാമൊലിൻ ഇറക്കുമതിയിലുണ്ടായ ക്രമക്കേടുകളെക്കുറിച്ച് നടത്തിയ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസ്സിലും തുടർന്ന് സമർപ്പിച്ച കുറ്റപത്രത്തിലും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടി പ്രതിയായിരുന്നില്ല. കുറ്റപത്രത്തിലെ രണ്ടാം പ്രതി നൽകിയ വിടുതൽ ഹർജി പരിഗണിച്ച കോടതി, അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി നാലാം പ്രതി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്കുകൂടി തുടരന്വേഷണം നടത്തി റിപ്പോർട്ട് സർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും കോടതി നിർദ്ദേശപ്രകാരം തുടരന്വേഷണം നടത്തി മുഖ്യമന്ത്രിക്കെതിരായി തെളിവുകളില്ലായെന്ന് വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് തിരുവനന്തപുരം വിജിലൻസ് കോടതി പരിഗണിച്ച് ചില കാര്യങ്ങളിന്മേൽ കൂടുതൽ അന്വേഷണം നടത്തണമെന്ന് നിർദ്ദേശിച്ച് അന്തിമ റിപ്പോർട്ട് മടക്കുകയും പിന്നീട് ഈ കേസ് തൃശ്ശൂർ വിജിലൻസ് കോടതിയിലേയ്ക്ക് മാറ്റുകയുമുണ്ടായി. തുടരന്വേഷണ റിപ്പോർട്ട് (അന്തിമ റിപ്പോർട്ട്) തൃശ്ശൂർ വിജിലൻസ് കോടതി അംഗീകരിക്കുകയും കോടതിയുടെ

സൂക്ഷ്മപരിശോധനയിൽ ശ്രീ. ഉമ്മൻ ചാണ്ടി (CW 23) നിയമവിരുദ്ധമായി യാതൊരുവിധത്തിലും പ്രവർത്തിച്ചിട്ടില്ലായെന്നും കുറ്റപത്രത്തിലെ 1 മുതൽ 7 വരെയുള്ള മറ്റ് പ്രതികൾക്കെതിരെ വിചാരണ തുടരാവുന്നതാണെന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. ഇതിനെതിരെ പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ഹൈക്കോടതിയിൽ സമർപ്പിച്ച അപ്പീൽ പരിഗണിച്ച കോടതി കീഴ്ക്കോടതിവിധി ശരിവയ്ക്കുകയുണ്ടായി. ശ്രീ. ഉമ്മൻ ചാണ്ടിയെ പ്രതിയാക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളിയതാണ്. പ്രസക്തമല്ലാത്ത ഒരു പ്രതിയുടെ ഡിസ്ചാർജ് പെറ്റീഷനിൻ മേൽ തീരുമാനമെടുക്കുന്നതിനിടയിൽ നടത്തിയതായി പറയപ്പെടുന്ന പരാമർശത്തിന് യാതൊരു പ്രാധാന്യവും കൽപ്പിക്കേണ്ടതില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: കോടതി പരാമർശത്തിന് യാതൊരു പ്രസക്തിയുമില്ലെന്നും സുപ്രീംകോടതി ഉൾപ്പെടെയുള്ള കോടതികൾ ഈ കേസ് തള്ളിക്കളഞ്ഞതാണെന്നും ആഭ്യന്തര വകുപ്പുമന്ത്രി പ്രസ്താവന നടത്തിയിരിക്കുകയാണ്. വിചാരണ ഘട്ടത്തിൽ തെളിവ് ലഭിക്കുകയാണെങ്കിൽ കൂടുതൽ പ്രതികളെ ഉൾപ്പെടുത്താമെന്നാണ് എല്ലാ കോടതികളും പറഞ്ഞിരിക്കുന്നത്. ഈ കേസ്സിന്റെ വിചാരണ ഏപ്രിൽ മാസം ആരംഭിക്കുകയാണ്. തൃശ്ശൂർ വിജിലൻസ്

കോടതി മുമ്പാകെവന്ന വിടുതൽ ഹർജിയുമായി ബന്ധപ്പെട്ട്, അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതിൽ വ്യക്തമായ പങ്കുണ്ടെന്ന വളരെ ഗുരുതരമായ കണ്ടെത്തലാണ് കോടതി നടത്തിയിരിക്കുന്നത്. പ്രതിപക്ഷം ഈ വിഷയം ഉന്നയിച്ച സന്ദർഭങ്ങളിലെല്ലാം അതിനെ നിരർത്ഥകമായി തള്ളിക്കളയുന്ന സമീപനം സ്വീകരിച്ച സർക്കാർ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പാമൊലിൻ ഇടപാടിൽ വൻ സാമ്പത്തിക നഷ്ടമുണ്ടായെന്ന് പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലിൽ ശ്രീ. ഉമ്മൻ ചാണ്ടി ഒപ്പിട്ടിട്ടുണ്ടെന്ന് വ്യക്തമാണെന്നും അദ്ദേഹത്തിന് ഇതിൽ പങ്കുണ്ടെന്നും വിജിലൻസ് കോടതി കണ്ടെത്തിയിരിക്കുകയാണ്. അന്താരാഷ്ട്ര മാർക്കറ്റ് വിലയേക്കാളും ഉയർന്ന നിരക്കിൽ പാമൊലിൻ വാങ്ങാൻ തീരുമാനിച്ചത് ആധുനിക കേരളം കണ്ട ആദ്യത്തെ അഴിമതിയാണ്. 2005-ലും 2013-ലും ഈ കേസ് പിൻവലിക്കാൻ തീരുമാനമെടുത്ത സർക്കാർ നടപടി വളരെ വിചിത്രമാണ്. കേസ് ഇല്ലാതാക്കാൻ സഹായകരമാകുന്ന വിജിലൻസ് റിപ്പോർട്ടാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത് മുഖ്യമന്ത്രിസ്ഥാനത്ത് തുടരാൻ യോഗ്യനാണോയെന്ന് അദ്ദേഹംതന്നെ തീരുമാനിക്കേണ്ടതാണ്. പാമൊലിൻ കേസ് പിൻവലിക്കുന്നത്

സദുദ്ദേശപരമല്ല എന്ന പരാമർശം നടത്തിയ സുപ്രീം കോടതി തുടർ നടപടികൾക്കുവേണ്ടിയാണ് കീഴ്കോടതിയിലേയ്ക്ക് വിട്ടിട്ടുള്ളത്. തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട വെളിപ്പെടുത്തലിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ വിലയിരുത്തൽ ശരിയാണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. പാമൊലിൻ ഇടപാടിൽ അഴിമതി നടന്നിട്ടുണ്ടെന്നും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് അതിൽ പങ്കുണ്ടെന്നും അറിയാവുന്നതുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് പ്രസ്തുത കേസ് രണ്ട് തവണ പിൻവലിക്കാനുള്ള തീരുമാനമെടുത്തത്. കോടതികളെ ഭീഷണിപ്പെടുത്തി കേസിൽ സമ്മർദ്ദമുണ്ടാക്കാനുള്ള വ്യക്തമായ നീക്കം നടന്നിട്ടുണ്ട് എന്ന കാര്യമാണ് തൃശ്ശൂർ വിജിലൻസ് കോടതി വിധിയിലൂടെ പുറത്തുവന്നിരിക്കുന്നത്. മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ, ശ്രീ. ടി. എച്ച്. മുസ്തഫ എന്നിവർ ചെയ്ത കുറ്റം തന്നെയാണ് ഇപ്പോഴത്തെ മുഖ്യമന്ത്രിയും ചെയ്തിരിക്കുന്നത് എന്ന കണ്ടെത്തലാണ് കോടതി നടത്തിയിരിക്കുന്നത്. ധാർമ്മികതയുടെ ഒരംശമെങ്കിലുമുണ്ടെങ്കിൽ കോടതി പരാമർശത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാണ്

കേരളത്തിലെ പൊതുസമൂഹം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ വിഷയം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. രമേശ് ചെന്നിത്തല: കേസിന്റെ വിചാരണവേളയിൽ ജഡ്ജിമാർ നടത്തുന്ന പരാമർശങ്ങളും വാദപ്രതിവാദങ്ങൾ നടത്തി തെളിവുകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന കോടതി വിധിയും തമ്മിൽ വ്യത്യാസമുണ്ട്. കോടതി നടത്തുന്ന പരാമർശങ്ങൾ വാർത്തകളിൽ സ്ഥാനം പിടിക്കുന്ന സ്ഥിതിയാണ് ഇന്ന് കാണാൻ കഴിയുന്നത്. കോടതിവിധി മാത്രമേ ഗവൺമെന്റിന് നിയമപരമായി ബാധകമാവുകയുള്ളൂ. ഒരു കേസിന്റെ വിചാരണ വേളയിൽ മതിയായ തെളിവുകളുണ്ടെങ്കിൽ ഏതൊരാളിനേയും ആ സന്ദർഭത്തിൽ പ്രതിയാക്കാവുന്നതാണെന്ന് സിആർ.പി.സി.യിൽ വ്യക്തമാക്കിയിട്ടുണ്ട്. തൃശ്ശൂർ വിജിലൻസ് കോടതിയുടെ 2012-ലെ വിധിന്യായത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്കെതിരായി തെളിവുകളില്ലെന്നും റിപ്പോർട്ട് അംഗീകരിക്കുന്നുവെന്നുമാണ് പറഞ്ഞിട്ടുള്ളത്. ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി തെളിവില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഹൈക്കോടതിയും പറഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല അദ്ദേഹത്തെ ഇതുവരെ പ്രതിയാക്കിയിട്ടുമില്ല.

പാമൊലിൻ കേസിന്റെ വിചാരണ തുടങ്ങുന്നതിനുമുമ്പ് ഇത്തരം നിഗമനത്തിൽ എത്തിച്ചേരുന്നത് ശരിയല്ല. രാഷ്ട്രീയപ്രേരിതമായ ആരോപണങ്ങളാൽ പുകമറ സൃഷ്ടിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം വിലപ്പോകുകയില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(മുഖ്യമന്ത്രി പ്രസംഗം ആരംഭിച്ചപ്പോൾ മുതൽ പ്രതിപക്ഷം ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പാമൊലിൻ കേസിൽ ഉൾപ്പെട്ടിട്ടുള്ള കേരളത്തിലെ രണ്ട് സീനിയർ ഉദ്യോഗസ്ഥരെ കേസിൽ നിന്ന് ഒഴിവാക്കിയ തൃശ്ശൂർ വിജിലൻസ് കോടതിയുടെ നടപടിയെ സ്വാഗതം ചെയ്യുന്നു. പാമൊലിൻ ഇടപാടിൽ ഗവൺമെന്റിന് 9 കോടി രൂപ ലാഭമാണുണ്ടായിട്ടുള്ളത്. ഇ.കെ. നായനാർ ഗവൺമെന്റിന്റെ കാലത്തും അതിനുശേഷവും നടത്തിയ അന്വേഷണങ്ങളിൽ എന്നെ കേസിൽ പ്രതിയാക്കിയിട്ടില്ല. ഈ കേസ് നീട്ടിക്കൊണ്ടുപോയി പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന ഹൈക്കോടതി വിധിക്കെതിരെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ സുപ്രീംകോടതിയെ സമീപിച്ചെങ്കിലും കേസ് തള്ളിക്കളയുക മാത്രമല്ല അദ്ദേഹത്തെ കോടതി രൂക്ഷമായി വിമർശിക്കുകയും ചെയ്തു. പാമൊലിൻ കേസ് രാഷ്ട്രീയ ലക്ഷ്യത്തോടുകൂടി

കൊണ്ടുവന്നതാണ്. അഴിമതിയുടെ പേരിൽ നിരപരാധികളെ കുരുക്കാൻ ഈ ഗവൺമെന്റ് കൂട്ടുനിൽക്കില്ല എന്നതുകൊണ്ടാണ് രണ്ടുപ്രാവശ്യം കേസ് പിൻവലിക്കാൻ തീരുമാനമെടുത്തത്. പ്രതിപക്ഷം ഈ മറുപടി കേൾക്കാൻ തയ്യാറാകാത്തത് അവരുടെ നിലപാടിൽ അവർക്കുതന്നെ സംശയമുള്ളതുകൊണ്ടാണ്.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥ പ്രമുഖരും ഉൾപ്പെട്ട അഴിമതിയെ സംബന്ധിച്ചാണ് പ്രതിപക്ഷാംഗങ്ങൾ നാളിതുവരെ അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. പാമൊലിൻ ഇറക്കുമതിയുമായി ബന്ധപ്പെട്ട് ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ അഴിമതിക്കെതിരെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ പരാമർശം വന്ന സാഹചര്യത്തിലാണ് പ്രതിപക്ഷം ഈ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. സർക്കാരിനെതിരായ അഴിമതി കേസുകളിന്മേൽ തുടരെത്തുടരെ കോടതി പരാമർശങ്ങൾ ഉണ്ടാവുകയും ആയത് അടിയന്തരപ്രമേയ വിഷയമായി കൊണ്ടുവരികയും ചെയ്യുന്ന സാഹചര്യം മുമ്പുണ്ടായിട്ടില്ല. അഴിമതി കേസുകളിൽ

ലോകറെക്കോർഡ് സൃഷ്ടിച്ച ഗവൺമെന്റാണിതെന്ന് മാത്രമല്ല, പാമൊലിൻ ഇടപാടിൽ ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെ അന്നത്തെ മന്ത്രിമാരെല്ലാം കൂട്ടു പ്രതികളാണ്. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം നടുത്തളത്തിലിറങ്ങി ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടത്തിലെ വ്യവസ്ഥകളുടെ ലംഘനം

ശ്രീ. എം. ഉമ്മർ: സർക്കാർ ഉദ്യോഗസ്ഥർ പെരുമാറ്റചട്ടം ലംഘിച്ചുകൊണ്ട് മാധ്യമങ്ങളിലൂടെയും മറ്റും പരസ്യപ്രസ്താവന നടത്തുന്നത് തടയുന്നതിന് പുതിയ നിയമനിർമ്മാണം നടത്തുകയോ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുകയോ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60-ൽ ഏതൊരു സർക്കാർ ജീവനക്കാരനും ഏതെങ്കിലും

സംഭാഷണത്തിലൂടെയോ മൈക്കിലൂടെയോ മറ്റ് ഏതെങ്കിലും രീതിയിലൂടെയോ സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ പൊതുജനമദ്ധ്യത്തിൽ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് സർക്കാർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ചട്ടത്തിന്റെയും സർക്കുലറുകളുടെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം സീറ്റിൽ ഇല്ലാതിരുന്നതിനാൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.

(സബ്മിഷൻ അവതരിപ്പിക്കേണ്ടതില്ലെന്നും അവയുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്നും സ്പീക്കർ അറിയിച്ചു.)

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015' സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(6) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(7) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(8) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(9) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് മുഖ്യമന്ത്രി സഭയുടെ

മേശപ്പുറത്തുവച്ചു.

## ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2016-17 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന" ഉപക്ഷേപം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തില്ല.)

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണത്തിനായുള്ള സമയം വേവ് ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം

(i) 2016-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2016-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: 2016-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2016-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (ii) 2016-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : 2016-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.53-ന് നിർത്തിവച്ച സഭ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 11.57-ന് പുനരാരംഭിച്ചു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭാസമ്മേളനം സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ 2016 ഫെബ്രുവരി 25-ാം തീയതി സമ്മേളനം ചേരേണ്ടതില്ലെന്നും അന്ന് നിശ്ചയിച്ചിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ബിൽ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ, 2016-ലെ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ ഇന്നത്തെ ബിസിനസ്സുകൾ പൂർത്തീകരിച്ചതിനുശേഷം പരിഗണനയ്ക്കെടുക്കണമെന്നും ഇന്ന് ഉച്ചയ്ക്കുശേഷം 1.30 മുതൽ 3 മണി വരെ നൽകിയിരുന്ന ഇടവേള വേണ്ടെന്നു വയ്ക്കണമെന്നും കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ടിലെ ശുപാർശകൾ തദനുസൃതമായി ഭേദഗതി ചെയ്യണമെന്നുമുള്ള പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): അടിയന്തര പ്രമേയാവതരണവുമായി ബന്ധപ്പെട്ട് ഞാൻ സംസാരിക്കുന്ന വേളയിൽ ബഹളമുണ്ടാക്കി പ്രസംഗം തടസ്സപ്പെടുത്തുന്ന രീതിയിലുള്ള ഭരണകക്ഷി അംഗങ്ങളുടെ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്ക്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ച് പുറത്തുപോയി.)

നിയമനിർമ്മാണകാര്യം - (തുടർച്ച)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ

അവതരിപ്പിക്കപ്പെട്ടില്ല.)

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

1041. (ക്യ) ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(ക്യ) "തദ്ദേശസ്വയംഭരണസ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു."

157, 158, 159, 160, 161, 162, 164, 165, 167, 168, 170, 171, 172, 173, 174, 175, 180, 181, 183, 185, 186, 188, 191, 192, 193, 194, 196, 199, 201, 202, 204, 206, 207, 209, 210, 212, 213, 214, 217, 218, 220, 221, 222 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു:

163. ഖണ്ഡം 2 (ബി)-യിൽ "ജലം, ഗ്യാസ്" എന്നീ വാക്കുകൾക്ക് പകരം "കുടിവെള്ള വിതരണം, പാചകവാതക വിതരണം" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

161. ഖണ്ഡം 2 (എ)-യിൽ, "വില്ലേജ് പഞ്ചായത്തിനോ" എന്നതിനു പകരം "ഗ്രാമപഞ്ചായത്തിനോ" എന്നത് ചേർക്കുക.

162. ഖണ്ഡം 2 (എ)-യിൽ, "ഉപയോഗിക്കുന്നതിനുള്ള" എന്നതിനു പകരം "വിനിയോഗിക്കുന്നതിനുള്ള" എന്നത് ചേർക്കുക.

170. ഖണ്ഡം 2(ഡി)(ii)-ൽ "മേൽക്കൂര നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ" എന്നതിനു പകരം "മേൽക്കൂരയുടെ നിർമ്മാണമോ, പുനർ നിർമ്മാണമോ" എന്നത് ചേർക്കുക.

171. ഖണ്ഡം 2(ഡി)(iii)-ൽ "കാതലായ" എന്നതിനു പകരം "അടിസ്ഥാനപരമായ" എന്നത് ചേർക്കുക.

188. ഖണ്ഡം 2(ജെ)-യിൽ "പ്രദേശത്തിനോവേണ്ടി" എന്നതിനുപകരം "പ്രദേശത്തിനോ വേണ്ടി" എന്നും ചേർക്കുക.

193. ഖണ്ഡം 2(ഒ)-യിൽ "പുനർ ക്രമീകരിച്ച" എന്നതിനുപകരം "പുന:ക്രമീകരിച്ച" എന്നത് ചേർക്കുക.

194. ഖണ്ഡം 2(ഒ)-യിൽ "തിരിച്ചുകൊടുക്കുന്നതും" എന്നതിനുപകരം

"തിരികെ നൽകുന്നതും" എന്നത് ചേർക്കുക.

209. ഖണ്ഡം 2 (ഡബ്ല്യൂ) (ii) താഴെപ്പറയുംപ്രകാരം മാറ്റുക

"(ii)ദേശീയ പാതകൾ"

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

225, 226, 229, 230, 231, 232, 235, 237, 238, 241, 242, 243, 245, 246, 247, 248, 249, 251, 252, 257, 259, 262, 263, 265, 266, 267, 268, 270, 273 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

246. ഖണ്ഡം 3 (4)-കെ താഴെപ്പറയും പ്രകാരം മാറ്റുക :

"(കെ) ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ".

247. ഖണ്ഡം 3(4)(എൽ) ചുവടെ ചേർക്കും പ്രകാരം മാറ്റുക:-

"(എൽ) ചെയർപേഴ്സൺ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്; "

249. ഖണ്ഡം 3 (4) (എം) ചുവടെ ചേർക്കും പ്രകാരം മാറ്റുക :

"(എം) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി; "

252. ഖണ്ഡം 3 (4) (ഒ)-യിൽ "ചെയ്തപ്രകാരമുള്ള" എന്ന വാക്കിനു പകരം "ചെയ്യുന്ന" എന്ന വാക്ക് ചേർക്കുക.

257. ഖണ്ഡം 3(4)(പി)-യിൽ, "ചെയ്ത പ്രകാരം" എന്നതിനു പകരം "ചെയ്യുന്ന" എന്നത് ചേർക്കുക.

263. ഖണ്ഡം 3(4)(റ്റി)-യിൽ, "ചെയ്ത പ്രകാരമുള്ള" എന്നതിനു പകരം "ചെയ്യുന്ന" എന്നത് ചേർക്കുക.

266. ഖണ്ഡം 3(4) (റ്റി)-യിൽ, "രണ്ടാളുകൾ" എന്നതിനുപകരം "മറ്റു രണ്ടുപേർ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

279, 281, 283, 284, 285, 286, 287, 290, 291, 292, 293, 294, 296, 297, 298, 299, 300, 305, 306 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

287. ഖണ്ഡം 4 (ഡി)യിൽ, "ചെയ്യുക" എന്നതിന് പകരം "ചെയ്യേണ്ടതും" എന്നത് ചേർക്കുക.

292. ഖണ്ഡം 4 (ഇ)യിൽ, "ചെയ്യുക" എന്നതിന് പകരം "ചെയ്യേണ്ടതും" എന്നത് ചേർക്കുക.

297. ഖണ്ഡം 4(എഫ്)-ൽ, "ചെയ്യുക" എന്നതിന് പകരം "ചെയ്യേണ്ടതും" എന്നത് ചേർക്കുക.

300. ഖണ്ഡം 4(ജി)(i)-ൽ, "ജില്ലകൾക്കിടയിലെ" എന്നതിനു പകരം "ജില്ലകൾ തമ്മിലുള്ള" എന്നത് ചേർക്കുക.

306. ഖണ്ഡം 4(ജി)(ii)-യിൽ, "സാദ്ധ്യമായ" എന്നതിനു പകരം "സാധ്യമായ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

308, 309, 310, 311 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

308. ഖണ്ഡം 5(1)-ൽ, "കമ്മിറ്റികൾ" എന്ന വാക്കിന് ശേഷം "താത്കാലികമായി" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

314, 315, 316, 317 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

314. ഖണ്ഡം 6 (1)-ൽ, "ബത്തകളും" എന്ന വാക്കിന് ശേഷം "അലവൻസുകളും സിറ്റിംഗ് ഫീസും" എന്നീ വാക്കുകൾ ചേർക്കുക.

315. ഖണ്ഡം 6 (2)-ൽ, "സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട്" എന്നീ വാക്കുകൾക്ക് പകരം "സർക്കാരിന്, പതിനാല് ദിവസത്തിൽ കുറയാതെയുള്ള കാലാവധിയുള്ള നോട്ടീസ് രേഖാമൂലം നൽകിക്കൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

318, 319, 321, 324, 325, 326, 327, 328, 329 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

326. ഖണ്ഡം 7(2)-ൽ,

i)"ചെയർപേഴ്സന്റെ" എന്നതിന് പകരം "ചെയർപേഴ്സണിന്റെ" എന്ന് ചേർക്കുക.
ii)"അധ്യക്ഷത" എന്നതിന് പകരം "ആദ്ധ്യക്ഷം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

332, 333, 334, 335, 336, 337, 338, 339, 340, 341, 342, 346 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു:

345. ഖണ്ഡം 8 (ഐ) (iii) വിട്ടുകളയുക.

347. ഖണ്ഡം 8 (ജെ) ഒഴിവാക്കുക.

348. ഖണ്ഡം 8 (കെ)-ൽ, "സംസ്ഥാനത്തിന്റെ ആസൂത്രിത വികസനം" എന്നതിനു പകരം "സംസ്ഥാനത്തിന്റെ സ്ഥലപര ആസൂത്രണം" എന്ന് ചേർക്കുക.

മന്ത്രി 344-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റത്തോടെ വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ചു:

344. ഖണ്ഡം 8 (ഐ)-ൽ, "സ്ഥലപരമായ പരിണാമങ്ങൾ" എന്നതിനു പകരം "സ്ഥലപരമാനങ്ങൾ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

337. ഖണ്ഡം 8(എ)യിൽ, "വിഭവ" എന്നതിനു പകരം "വിഭവത്തിന്റെ" എന്ന് ചേർക്കുക.

338. ഖണ്ഡം 8(ബി)യിൽ, "നഗര-ഗ്രാമപ്രദേശങ്ങളിലെ" എന്നതിന് പകരം "നഗരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും" എന്ന് ചേർക്കുക.

341. ഖണ്ഡം 8 (എച്ച്)-ൽ, "പൈതൃക സമ്പത്ത് പ്രദേശങ്ങളുടെ" എന്നതിനു

പകരം "പൈതൃകസമ്പദ് പ്രദേശങ്ങളുടെ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

351, 354, 355, 356, 359, 361, 362, 363, 364, 365, 366, 367, 368, 371, 372, 373, 374, 375, 376, 377, 379, 380, 384, 386, 387 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

351. ഖണ്ഡം 9 (1)-ൽ, "അഞ്ച്" എന്ന വാക്കിന് പകരം "രണ്ട്" എന്ന വാക്ക് ചേർക്കുക.
359. ഖണ്ഡം 9(2)-ൽ, "സന്തുലിതമായ" എന്ന വാക്കിനു പകരം "സന്തുലിതവും സുസ്ഥിരവുമായ" എന്നീ വാക്കുകൾ ചേർക്കുക.
362. ഖണ്ഡം 9(2)-ൽ, "സംസ്ഥാന" എന്ന വാക്ക് നീക്കം ചെയ്യുക.
368. ഖണ്ഡം 9(3) ൽ, "വിപുല" എന്ന വാക്കിനു പകരം "പ്രചുര" എന്ന വാക്ക് ചേർക്കുക.

387. ഖണ്ഡം 9 (5)-ൽ, "വർത്തമാന പത്രത്തിലും" എന്നതിന് പകരം "വർത്തമാന പത്രത്തിലെങ്കിലും" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്താം വകുപ്പ്

389, 390, 391, 392 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

389. ഖണ്ഡം 10 (1)-ൽ,

(I) "ഉപദേശിക്കുന്നതിനായി" എന്നതിനു പകരം "ഉപദേശിക്കുന്നതിനും സാങ്കേതിക സഹായം സൽകുന്നതിനുമായി" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

394, 396, 397, 398, 399, 401, 403, 404, 405, 407, 408, 409, 410, 411, 412 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

398. ഖണ്ഡം 11 (സി) യിൽ, "ഉപദേശവും സാങ്കേതിക" എന്നീ വാക്കുകൾക്ക് പകരം "സാങ്കേതികഉപദേശവും" എന്ന വാക്ക് ചേർക്കുക.

410. ഖണ്ഡം 11 (എച്ച്)-ൽ, "സാങ്കേതിക സെക്രട്ടേറിയേറ്റായുള്ള" എന്നതിനു പകരം "എക്സ് - ഒഫിഷ്യോ മെമ്പർ സെക്രട്ടറിയായുള്ള " എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

414, 416, 417 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ  സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

418, 421  എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ  സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

425,  426, 428, 433, 434, 437, 438, 440, 442, 445, 446, 447, 449 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

428. ഖണ്ഡം 14(2)(എ)-യിൽ, "ജില്ലയിലെ മറ്റു സർക്കാർ വകുപ്പുകളും" എന്നതിനുപകരം "മറ്റു വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥന്മാരുമായും" എന്ന് ചേർക്കുക.

437. ഖണ്ഡം 14 (2)(സി)-യിൽ," നിരീക്ഷിക്കുകയും" എന്നതിനുശേഷം "വിശകലനം ചെയ്യുകയും" എന്നത് ചേർക്കുക.

440. ഖണ്ഡം 14 (2) (ഡി)യിൽ "ഏജൻസികൾക്കുമിടയിൽ" എന്നതിനുപകരം "സ്ഥാപനങ്ങൾക്കുമിടയിൽ " എന്നത് ചേർക്കുക.

442. ഖണ്ഡം 14(2)(എഫ്)ൽ, "സർക്കാരിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉപദേശിക്കേണ്ടതാണ് " എന്നതിനുപകരം" തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടത്" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

451, 452, 453, 454, 455, 458, 459, 461, 462, 463, 464, 465 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

454. ഖണ്ഡം 15 (എ)-യിൽ "വിഭവ" എന്നതിനു പകരം "വിഭവങ്ങളുടെ " എന്നത് ചേർക്കുക.

458. ഖണ്ഡം 15 (എഫ്)-ൽ "പൈതൃക സമ്പത്ത്" എന്നതിനു പകരം "പൈതൃക സമ്പദ്" എന്ന് ചേർക്കുക.

461. ഖണ്ഡം 15 (എച്ച്)-ൽ "പിന്നാക്കം" എന്ന വാക്കിനു പകരം "പിന്നോക്കം" എന്ന് ചേർക്കുക.

465-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

465. ഖണ്ഡം 15 (എൻ)-ന് ശേഷം താഴെപ്പറയുന്നത്

ചേർക്കുക:-

“ (ഒ) ജില്ലാ ടൂറിസം വികസനം” എന്നത്

15 (ജെ) ഐറ്റം നമ്പർ 4 ആയി ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

467, 469, 470, 471, 474 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1042. (1)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപ്പത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ, വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനത്തിൽ ജില്ലാ ആസൂത്രണ പ്രദേശത്തിന്റെ അതിരുകളും അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നത് ഏത് ആവശ്യത്തിനാണെന്നും പ്രസ്താവിക്കേണ്ടതുമാണ് " എന്നീ വാക്കുകൾക്കു പകരം "തീരുമാനം എടുക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം ഗസറ്റിൽ വിജ്ഞാപനം ചെയ്ത" എന്ന വാക്കുകൾക്കുപകരം "തീരുമാനം എടുത്ത" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

476, 477, 478, 479, 484, 485, 489, 490, 492, 494, 489,498, 499, 500, 501, 504, 505 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

476. ഖണ്ഡം 17(1)-ൽ, "വിപുലപ്രചാരമുള്ള" എന്നതിനു

പകരം"പ്രചുരപ്രചാരമുള്ള" എന്നത് ചേർക്കുക.

492. ഖണ്ഡം 17(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "അഞ്ചിൽ കവിയാത്ത" എന്നീ വാക്കുകൾക്ക് പകരം "നാലിൽ കവിയാത്ത" എന്നീ വാക്കുകൾ ചേർക്കുക.

505. ഖണ്ഡം 17(6)-ൽ, "ദീർഘിപ്പിക്കുവാൻ" എന്നത് "ദീർഘിപ്പിച്ചു നൽകുവാൻ" എന്ന് മാറ്റുക

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

507, 508, 509, 511, 512, 513, 514, 515, 519, 520, 521, 522, 524, 525 526, 527, 528, 530, 532 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

534, 535, 536 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

534. ഖണ്ഡം 19-ൽ, "പഞ്ചവത്സര-വാർഷിക പ്ലാനുകൾ" എന്നതിന് പകരം "വാർഷിക-പഞ്ചവത്സര പ്ലാനുകൾ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

538, 539, 541 എന്നീ നമ്പർ ഭേദതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിഒന്നാം വകുപ്പ്

543, 544 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

545, 548, 553, 555, 556, 558, 559, 560, 561, 562 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

553. ഖണ്ഡം 22 (2)(സി)-യിൽ, "നിരീക്ഷിക്കേണ്ടതും" എന്നതിനുശേഷം "അവലോകനം ചെയ്യേണ്ടതും" എന്നത് ചേർക്കുക.

555. ഖണ്ഡം 22 (2)(ഡി)-ൽ, "മെട്രോപോളിറ്റൻ പ്രദേശത്തിനുള്ളിലും മറ്റു വിധത്തിലും" എന്നിവ ഒഴിവാക്കുക.

560. ഖണ്ഡം 22 (2)(ജി)-യിൽ, "അടിസ്ഥാന സൗകര്യത്തിന്റെ" എന്നതിനു പകരം "അടിസ്ഥാന സൗകര്യങ്ങളുടെ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

564, 566, 568, 569, 570, 571, 572, 574, 575, 576, 578, 579, 580, 581, 582 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

575. ഖണ്ഡം 23(ഐ)യിൽ "സാദ്ധ്യതാ പ്രദേശങ്ങൾ" എന്നതിനു പകരം "സാധ്യതാ പ്രദേശങ്ങൾ" എന്നത് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിച്ചു.

579. ഖണ്ഡം 23 (കെ) യിൽ,

(i) " സാദ്ധ്യതയുള്ള" എന്ന വാക്കിനു പകരം "സാധ്യതയുള്ള" എന്ന വാക്കും

582. ഖണ്ഡം 23 (എൻ)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:- എന്നതിനുപകരം ഖണ്ഡം 23 (ജെ)-യിൽ ഐറ്റം 2-നുശേഷം 3-ആയി മെട്രോപോളിറ്റൻ പ്രദേശത്തിന്റെ ടൂറിസം വികസനം."

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിനാലാം വകുപ്പ്

584, 585, 586,587, 588, 591 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

587. ഖണ്ഡം 24(സി)-യിൽ, "തന്ത്രങ്ങൾ " എന്ന വാക്കിനു പകരം "തന്ത്രങ്ങളും വികസന നയങ്ങളും "എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1043. (1)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും മെട്രോപൊളിറ്റൻ പ്രദേശത്ത് വിപുലപ്രചാരമുള്ള, ഏറ്റവും കുറഞ്ഞത്, ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും

അങ്ങനെയുള്ള വിജ്ഞാപനത്തിൽ മെട്രോപൊളിറ്റൻ ആസൂത്രണ പ്രദേശത്തിന്റെ അതിർത്തികളും ഏതാവശ്യത്തിനാണ് അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ് " എന്ന വാക്കുകൾക്കു പകരം "തീരുമാനം എടുക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം സംബന്ധിച്ച വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത" എന്ന വാക്കുകൾക്കു പകരം "തീരുമാനം എടുത്ത" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്"

593, 596, 597, 598, 600, 602, 603,606,609,612, 613, 615, 616, 617, 618, 619, 620, 623, 624 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

593. ഖണ്ഡം 25 (1) ൽ, "വിപുലപ്രചാരമുള്ള" എന്നതിന് പകരം "പ്രചുര-പ്രചാരമുള്ള" എന്നത് ചേർക്കുക.

612 ഖണ്ഡം 25(3)-ൽ ക്ലിപ്തനിബന്ധനയിൽ "കമ്മിറ്റിയെ" എന്നതിനുശേഷം "താല്ക്കാലികമായി" എന്നത് ചേർക്കുക.

624. ഖണ്ഡം 25(6)-ൽ "നീട്ടിക്കൊടുക്കുന്നതിനുള്ള" എന്നതിനു പകരം "ദീർഘിപ്പിക്കുന്നതിനുള്ള" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ

അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

625, 627, 628, 629, 630, 631, 632, 633, 634, 635, 636 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

638, 639 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

639. ഖണ്ഡം 27 -ൽ "കാലാകാലങ്ങളിൽ, അവ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ് " എന്നതിനു പകരം "അവ

തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാവുന്നതാണ് " എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

641, 642, 643 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊമ്പതാം വകുപ്പ്</u>

644, 645, 646, 647 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ്</u>

651, 653 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

654. ഖണ്ഡം 30 (ഇ)-യിൽ, "സർക്കാരോ ബോർഡോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ നിർദ്ദേശിക്കാവുന്ന" എന്നതിന് പകരം "സർക്കാർ നിർദ്ദേശിക്കുന്ന" എന്നത് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

651. ഖണ്ഡം 30 (സി)-യിൽ, "പ്രവർത്തനങ്ങളും" എന്നതിനു ശേഷം "ആവിഷ്ക്കരിക്കുകയും" എന്നത് ചേർക്കുക.

653. ഖണ്ഡം 30 (ഡി)-യിൽ, "പദ്ധതികളുടെ" എന്നതിന് പകരം "പദ്ധതികൾ" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

655, 656 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

657, 660, 662, 663, 665 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

657. ഖണ്ഡം 32 (1)(i) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

“ (i)അതതു സംഗതി പോലെ മുൻസിപ്പൽ കോർപ്പറേഷന്റേയോ മുൻസിപ്പൽ കൗൺസിലിന്റെയോ ചെയർപേഴ്സൺ അല്ലെങ്കിൽ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ പ്രസിഡന്റ്, അദ്ദേഹം സ്പെഷ്യൽ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്".

660. ഖണ്ഡം 32(1)(iii) ൽ, “നഗര-ഗ്രാമ ആസൂത്രണ വകുപ്പിന്റെ"

എന്നതിനുപകരം "നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ " എന്നത് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

663. ഖണ്ഡം 32(2)-ൽ "ഏതെങ്കിലും ആളെ" എന്നതിനുപകരം "നഗര-ഗ്രാമാസൂത്രണത്തിൽ പ്രത്യേക വൈദഗ്ധ്യവും യോഗ്യതയും ഉള്ള ഏതൊരു ആളെയും"എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

666, 667, 668 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിനാലാം വകുപ്പ്</u>

671, 672, 674, 675, 676, 677, 678, 679, 680, 681, 682, 683, 684 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

681. ഖണ്ഡം 34(3)(ix)-ൽ, “ശവദാഹത്തിനും സംസ്കാരത്തിനുമുള്ള" എന്നതിനുപകരം "ശവസംസ്കാരത്തിനും ശവദാഹത്തിനുമുള്ള" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

686, 687, 688, 689, 690 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

690. ഖണ്ഡം 35 (ഡി)-യിൽ, "സംസ്ഥാന സർക്കാർ വകുപ്പുകൾ" എന്നതിനുശേഷം "പൊതുമേഖലാ സ്ഥാപനങ്ങൾ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1044. (1)-ാം ഉപഖണ്ഡത്തിൽ " തീരുമാനിക്കാവുന്നതും ആയതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുല പ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനം തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ അതിർത്തികളും ഏത് ആവശ്യത്തിനു വേണ്ടിയാണ്

അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ്" എന്ന വാക്കുകൾക്ക് പകരം "തീരുമാനിക്കാവുന്നതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം വിജ്ഞാപനം ചെയ്ത" എന്ന വാക്കുകൾക്കു പകരം "പ്രമേയം വഴി തീരുമാനം എടുത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(12)-ാം ഉപഖണ്ഡത്തിൽ "പരിമിതികൾക്ക് " എന്ന വാക്കിനു പകരം "വ്യവസ്ഥകൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

692, 693, 695, 697, 699, 700, 701, 706, 708, 711, 712, 713, 714, 715, 716 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

716 ഖണ്ഡം 36(12)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നിലവിൽ ഉള്ളിടത്ത്" എന്നതിനുപകരം "നിലവിലുള്ളിടത്ത്" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയേഴാം വകുപ്പ്

717, 718, 719, 720, 721, 722, 723 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

723 ഖണ്ഡം 37(5)-ൽ, "നാലുമാസത്തിൽ കവിയാത്ത കാലയളവുവരെ" എന്നതിനുശേഷം "ഒരു പ്രാവശ്യം മാത്രം" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

724, 725 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

724 ഖണ്ഡം 38-ൽ, "കരുതുന്ന പ്രകാരം" എന്നതിനു പകരം "കരുതുന്ന പക്ഷം" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

725-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1045. "പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം സംബന്ധിച്ച വിജ്ഞാപനമായി"

എന്ന വാക്കുകൾക്കു പകരം "പ്രമേയം വഴി എടുത്ത തീരുമാനമായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

726, 727 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

726 ഖണ്ഡം 39-ൽ, "തുടങ്ങാത്തതുമായ സംഗതിയിൽ" എന്നതിനുപകരം "ആരംഭിക്കാത്ത സംഗതിയിൽ" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

727-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1046. “ബോർഡുമായും ചീഫ് ടൗൺ പ്ലാനറുമായും" എന്നീ വാക്കുകൾക്കു പകരം "ബോർഡുമായോ ചീഫ് ടൗൺ പ്ലാനറുമായോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

729, 730, 731 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി ഭേദഗതിയോടുകൂടി സ്വീകരിച്ചു

730 ഖണ്ഡം 40-ൽ, "പ്രദേശത്തിന്റെ ആസൂത്രണത്തിന്റെ ആവശ്യത്തിനായി" എന്നതിനു പകരം "പ്രദേശത്തിന്റെ ഫലപ്രദമായ ആസൂത്രണത്തിന്റെ ആവശ്യത്തിനായി" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയൊന്നാം വകുപ്പ്</u>

733, 736 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

733 ഖണ്ഡം 41(1)-ൽ, "അങ്ങനെയുള്ള ചട്ടങ്ങൾക്ക്" എന്നതിനു പകരം "നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക്" എന്ന് ചേർക്കുക.

736 ഖണ്ഡം 41(3)-ൽ, "ചട്ടങ്ങളിൽ" എന്നതിനു പകരം "ചട്ടങ്ങളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിരണ്ടാം വകുപ്പ്</u>

737, 739 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

739 ഖണ്ഡം 42(ii)-ൽ, "ചുമതലകൾ" എന്നതിനു ശേഷം "നിർണ്ണയിച്ചു നൽകുകയും" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

737-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിമൂന്നാം വകുപ്പ്</u>

741-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിനാലാം വകുപ്പ്</u>

742-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു

748 ഖണ്ഡം 45 (1)(ജെ)-യിൽ, "വായു-ജല" എന്നീ വാക്കുകൾക്ക് ശേഷം "ശബ്ദ" എന്ന വാക്ക് ചേർക്കുക.

745, 746, 747, 749, 750, 754, 755, 756, 757, 759 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

755. ഖണ്ഡം 45 (1) (ക്യൂ)-വിൽ, "കാൽനടക്കാർക്കുള്ള സൗകര്യങ്ങൾ" എന്നതിനു ശേഷം "സൈക്കിൾ സവാരിക്കുള്ള സുരക്ഷിത പാതകൾ" എന്നത് ചേർക്കുക.

759. ഖണ്ഡം 45 (1) (വി)-യിൽ, "തടസ്സമുണ്ടാക്കുന്ന" എന്ന വാക്കിന് മുൻപ്

"വികസനത്തിനും വികസനപ്രവർത്തനങ്ങൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

750 ഖണ്ഡം 45 (1) (കെ)-യിൽ, "വികലാംഗർ" എന്ന വാക്കിനുപകരം "അംഗപരിമിതർ" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയാറാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1047. (7)-ാം ഉപഖണ്ഡത്തിൽ " നിയന്ത്രണങ്ങൾ" എന്ന വാക്കിനു പകരം

"വ്യവസ്ഥകൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

763, 764, 765, 766, 769, 770, 771, 772, 773, 775 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു

765 ഖണ്ഡം 46(2)-ൽ, "ഉദ്ദേശം" എന്നതിനുപകരം "ഉദ്ദേശ്യം" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയേഴാം വകുപ്പ്</u>

779, 780 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

779 ഖണ്ഡം 47-ൽ, "വിരുദ്ധമല്ലാത്ത" എന്നതിനുപകരം "അനുസൃതമായതും വിരുദ്ധമല്ലാത്തതുമായ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

780-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിയെട്ടാം വകുപ്പ്

783-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാൽപ്പത്തിഒൻപതാം വകുപ്പ്

784-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

784 ഖണ്ഡം 49-ൽ, "തയ്യാറാക്കുവാനും" എന്നതിനുപകരം "തയ്യാറാക്കുവാനോ, തയ്യാറാക്കിക്കുവാനോ ചെയ്യുവാനും" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപതാം വകുപ്പ്</u>

787, 788, 789 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

788 ഖണ്ഡം 50(3)-ൽ, "സർക്കാരിന്" എന്ന വാക്കിനു ശേഷം "അനിവാര്യമെന്ന് ബോദ്ധ്യമുള്ള പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തി ഒന്നാം വകുപ്പ്

793-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അൻപത്തി രണ്ടാം വകുപ്പ്

795, 796, 797, 799 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

797. ഖണ്ഡം 52-ൽ, "മൂന്ന് വർഷത്തിൽ" എന്നതിനു പകരം "അഞ്ചു വർഷത്തിൽ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 52-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതി ക്രമാനുസൃതമല്ല)

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തി നാലാം വകുപ്പ്</u>

805, 807, 808, 809, 810, 811, 812, 813, 815, 816 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

807. ഖണ്ഡം 54(1)(സി)-യുടെ ക്ലിപ്ത നിബന്ധനയിൽ,

"മന്ത്രിയാകുകയാണെങ്കിൽ" എന്ന വാക്കിനു പകരം "മന്ത്രിയുടെ പദവി വഹിക്കുകയാണെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

810. ഖണ്ഡം 54(1)(ഡി)-യിൽ, "(റോഡ്സ്)" എന്ന വാക്കിനു പകരം "(നിരത്തുകളും പാലങ്ങളും)" എന്നീ വാക്കുകൾ ചേർക്കുക.

813. ഖണ്ഡം 54 (2) ൽ, "കൂടുവാനോ" എന്ന വാക്കിനു പകരം "കവിയുവാനോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 54-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അൻപത്തിഅഞ്ചാം വകുപ്പ്

819, 821, 822, 823, 824, 825, 826, 827, 828, 830 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

823. ഖണ്ഡം 55 (1)(ഡി)-ൽ, "(റോഡുകൾ)" എന്നതിനു പകരം "(നിരത്തുകളും പാലങ്ങളും)" എന്നത് ചേർക്കുക.

827. ഖണ്ഡം 55 (2) ൽ, " പത്തിൽ കൂടാനോ" എന്നതിനു പകരം "പത്തിൽ കവിയാനോ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തി ആറാം വകുപ്പ്</u>

832-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തി ഏഴാം വകുപ്പ്</u>

834, 837, 838 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തി എട്ടാം വകുപ്പ്</u>

840, 841 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

840. ഖണ്ഡം 58-ൽ, "സേവന" എന്നതിന് പകരം "സേവന-വേതന" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

841-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തി ഒൻപതാം വകുപ്പ്</u>

843, 844, 845 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

843. ഖണ്ഡം 59-ൽ, "അതോറിറ്റിയുടെ സ്റ്റാഫ്" എന്ന വാക്കുകൾക്ക് മുൻപ് വരുന്ന "അപ്രകാരം പ്രവർത്തനത്തിലില്ലാതായി തീർന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപതാം വകുപ്പ്</u>

847-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തി ഒന്നാം വകുപ്പ്

848-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

848. ഖണ്ഡം 61-ൽ, "അനുസൃതമായല്ലാതെ" എന്നതിനു പകരം "അനുസൃതമായല്ലാതെയോ ഭംഗംവരുത്തുന്ന വിധത്തിലോ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തി രണ്ടാം വകുപ്പ്

849-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തി മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

1048. 1. (1)-ാം ഉപഖണ്ഡത്തിലെ " വിജ്ഞാപനം ചെയ്തിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം "മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി പ്രമേയം വഴി തീരുമാനം എടുത്തതോ, വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനായി വിജ്ഞാപനംവഴി ചെയ്തിട്ടുള്ളതോ ആയ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

2. (1)-ാം ഉപഖണ്ഡത്തിലെ കുറിപ്പിൽ "ഈ ആക്റ്റിൻ കീഴിൽ ഒരു പ്ലാൻ തയ്യാറാക്കുവാനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്ന തീയതിക്കും പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതിക്കും ഇടയിലുള്ള കാലയളവിലെ വികസനം എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾക്കു പകരം "മാസ്റ്റർ പ്ലാനിന്റെ കാര്യത്തിൽ, ഈ ആക്റ്റിൻ കീഴിൽ പ്ലാൻ തയ്യാറാക്കുവാനുള്ള തീരുമാനം പ്രമേയം വഴി എടുത്ത

തീയതിക്കും, പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതിക്കും ഇടയിലുള്ള കാലയളവിലെ വികസനം എന്നും, വിശദ നഗരാസൂത്രണ പദ്ധതിയുടെ കാര്യത്തിൽ, ഈ ആക്റ്റിൻ കീഴിൽ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്ന തീയതിക്കും പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതിക്കും ഇടയിലുള്ള കാലയളവിലെ വികസനം എന്നും അർത്ഥമാകുന്നു" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

850, 858, 859, 860 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു

860 ഖണ്ഡം 63(4)-ന്റെ, 3-ാം ക്ലിപ്തം നിബന്ധനയിൽ, "അഭിപ്രായങ്ങളും" എന്നതിനു ശേഷം "ഏതെങ്കിലുമുണ്ടെങ്കിൽ ആയത്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 63-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിനാലാം വകുപ്പ്

863, 866, 867 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

64-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിയഞ്ചാം വകുപ്പ്

873, 875, 877 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 65 ഉപഖണ്ഡം (2) ലെ 'എ' ഇനത്തിൽ മൂന്നാം ഉപഇനത്തിലെ 'ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ' എന്നീ വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കേണ്ടതാണ്.

ഉപയിനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്.

മുൻപറഞ്ഞ ഖണ്ഡത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെ 'ബന്ധപ്പെട്ട

മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ' എന്ന് ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 65-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിയാറാം വകുപ്പ്</u>

878 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിയേഴാം വകുപ്പ്</u>

879, 881, 882, 884, 885, 887, 889, 890 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

886 – ഖണ്ഡം 67(6)-ൽ, " (2)-ാം ഉപവകുപ്പിൽ " എന്നതിന് പകരം " (3)

-ാം ഉപവകുപ്പിൽ" എന്നത് ചേർക്കുക

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

890 - ഖണ്ഡം 67(7)-ന്റെ ക്ലിപ്ത നിബന്ധനയിൽ, " ഏതെങ്കിലും അപേക്ഷയിന്മേൽ" എന്നതിന് പകരം "അപേക്ഷകളിന്മേൽ"എന്നത് ചേർക്കുക.

മന്ത്രിയുടെ വാക്കാൽ ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിയെട്ടാം വകുപ്പ്

891, 894, 895, 896, 897, 898, 901, 902 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിഒമ്പതാം വകുപ്പ്

904, 905 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപതാം വകുപ്പ്</u>

907 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

70 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപത്തിയൊന്നാം വകുപ്പ്</u>

908 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപത്തി രണ്ടാം വകുപ്പ്</u>

910 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

72 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപത്തി മൂന്നാം വകുപ്പ്

911, 912 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

73 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപത്തി നാലാം വകുപ്പ്

913 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

74-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

74 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപത്തിയഞ്ചാം വകുപ്പ്

915 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

75-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

75 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയാറാം വകുപ്പ്

918 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

76-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

76 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയേഴാം വകുപ്പ്

919, 920, 922 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

77-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

77 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയെട്ടാം വകുപ്പ്

926-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

78-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

78 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയൊൻപതാം വകുപ്പ്

927, 928 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

79-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

79 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എൺപതാം വകുപ്പ്

931, 932 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

932- ഖണ്ഡം 80-ന്റെ ക്ലിപ്ത നിബന്ധനയിൽ " മുഴുവനായോ" എന്നതിനു പകരം " പൂർണമായോ" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

931-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 80-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 80-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എൺപത്തിയൊന്നാം വകുപ്പ്

935 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

81-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

81 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിരണ്ടാം വകുപ്പ്</u>

937-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

82-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

82 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിമൂന്നാം വകുപ്പ്</u>

943, 944, 946 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

944- ഖണ്ഡം 83 (ബി)-യിൽ, “ അടിസ്ഥാന സൗകര്യങ്ങളുടെയോ" എന്നീ വാക്കുകൾക്ക് ശേഷം "മറ്റ് പൊതു" എന്നീ വാക്കുകൾ ചേർക്കുക.

946- ഖണ്ഡം 83 (3)-ൽ "ഒഴിവാക്കുന്നതിന്" എന്നതിനു പകരം "ഒഴിവാക്കേണ്ടതുണ്ടെങ്കിൽ ആയതിന് " എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

943-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 83-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 83 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിനാലാം വകുപ്പ്</u>

948-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

84-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

84 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയഞ്ചാം വകുപ്പ്</u>

951, 953 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

85-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

85 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയാറാം വകുപ്പ്</u>

956-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

86-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

86 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയേഴാം വകുപ്പ്</u>

957, 958 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

87-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

87 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയെട്ടാം വകുപ്പ്</u>

959, 960 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

959- ഖണ്ഡം 88-ൽ "വിഷയങ്ങളിൽ" എന്ന വാക്കിനുശേഷം "പ്രത്യേക"എന്ന വാക്കു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

960-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 88-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 88-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തി ഒമ്പതാം വകുപ്പ്</u>

961, 962 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു

961. ഖണ്ഡം 89-ൽ, " അംഗത്തിനെയും" എന്നതിനു പകരം " അംഗങ്ങളെയും" എന്നു ചേർക്കുക.

962. ഖണ്ഡം 89-ൽ, " സബ് കമ്മിറ്റികൾ" എന്നതിനു പകരം

" ഉപസമിതികൾ" എന്നതു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 89-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്നപ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 89-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>തൊണ്ണൂറാം വകുപ്പ്</u>

963 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

90-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

90 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>തൊണ്ണൂറ്റി ഒന്നാം വകുപ്പ്</u>

964, 966, 967 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

967. ഖണ്ഡം 91(3)(v)-ൽ "ആനുകാലിക" എന്നതിനു പകരം "വാർഷിക"

എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 91-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള തൊണ്ണൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>തൊണ്ണൂറ്റി രണ്ടാം വകുപ്പ്</u>

968-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

92-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

92 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>തൊണ്ണൂറ്റി മൂന്നാം വകുപ്പ്</u>

969-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

93-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

93 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>തൊണ്ണൂറ്റി നാലാം വകുപ്പ്</u>

971, 972 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

94-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

94 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

തൊണ്ണൂറ്റിയഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

979. ഖണ്ഡം 95(1)(ഡി)-ക്ക് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക.

"(ഇ)കമ്മീഷനിൽ നിന്നും മുൻകൂർ അനുമതി നേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരുന്നുവെങ്കിലോ;"

973, 974, 975, 977, 978 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 95-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 95-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

തൊണ്ണൂറ്റിയാറാം വകുപ്പ്

980 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

96-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

96 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

തൊണ്ണൂറ്റിയേഴാം വകുപ്പ്

982, 983, 984, 985, 986 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

97-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

97 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

തൊണ്ണൂറ്റിയെട്ടാം വകുപ്പ്

990, 992 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

98-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

98 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

തൊണ്ണൂറ്റിയൊൻപതാം വകുപ്പ്

994, 995,996, 997 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

99-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

99 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നൂറാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ചു.

1000 - ഖണ്ഡം 100 (4)-ൽ, "വയ്പിക്കേണ്ടതാണ് " എന്ന വാക്കിന് പകരം " വയ്ക്കേണ്ടതാണ് " എന്ന വാക്ക് ചേർക്കുക.

999-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

999 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 100-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 100-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നൂറ്റിയൊന്നാം വകുപ്പ്

1002-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

101-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

101 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നൂറ്റി രണ്ടാം വകുപ്പ്

1004-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

1004. ഖണ്ഡം 102-ൽ, "മുൻസിപ്പാലിറ്റി സെക്രട്ടറി" എന്ന വാക്കിന് പകരം "മുൻസിപ്പൽ സെക്രട്ടറി"എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 102-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 102-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നൂറ്റി മൂന്നാം വകുപ്പ്

1005, 1008 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

1005- ഖണ്ഡം 103 (എ)-യിൽ "മറ്റേതെങ്കിലും കാര്യമോ" എന്ന വാക്കുകൾക്ക് പകരം "മറ്റേതെങ്കിലും കാര്യങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

1008-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 103-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 103-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>നൂറ്റി നാല് മുതൽ നൂറ്റി ആറ് വരെയുള്ള വകുപ്പുകൾ</u>

(ഭേദഗതിയില്ല)

104 മുതൽ 106 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

104 മുതൽ 106 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

<u>നൂറ്റിയേഴാം വകുപ്പ്</u>

1009 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

107-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

107 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നൂറ്റിയെട്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

108-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

108 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നൂറ്റിയൊൻപതാം വകുപ്പ്</u>

1010 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി മന്ത്രി സ്വീകരിച്ചു.

1010. ഖണ്ഡം 109 (1)ൽ, "ബോർഡിലെയോ " എന്ന വാക്കിനു ശേഷം ഉള്ളവ ഒഴിവാക്കി പകരം താഴെ പറയുന്നവ ചേർക്കുക :

"ജില്ലാ ആസൂത്രണ കമ്മിറ്റിയിലെയോ, മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെയോ, സർക്കാരിന്റെയോ, വികസന അതോറിറ്റിയുടെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 109-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 109 -ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നൂറ്റിപ്പത്താം വകുപ്പ്</u>

1011-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

110-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

110-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നൂറ്റിപ്പതിനൊന്നാം വകുപ്പ്

1012-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

(1012) ഖണ്ഡം 111 (2)-ൽ "തർക്കത്തിന്റെ" എന്ന വാക്കിന് പകരം "തർക്കമുള്ള" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 111-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 111-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നൂറ്റിപ്പന്ത്രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(1049) നിലവിലുള്ള (3)-ാം ഉപഖണ്ഡത്തിന്റെ (ഡി) ഇനത്തിന് പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്.

" (3) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം കരട് പെർസ്പെക്റ്റീവ് പ്ലാനിന്റെയും 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കരട് വിശദ നഗരാസൂത്രണ

പദ്ധതിയുടെയും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് വിജ്ഞാപനം ചെയ്യേണ്ട രീതി."

1013, 1014, 1020, 1021, 1024, 1026, 1028, 1031 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

(1013) ഖണ്ഡം 112 (2)-ൽ "ചട്ടത്തിലോ റഗുലേഷനിലോ അതിന്റെ" എന്നീ വാക്കുകൾക്ക് പകരം "ചട്ടത്തിന്റെയോ റെഗുലേഷന്റേയോ" എന്നീ വാക്കുകൾ ചേർക്കുക.

(1020) ഖണ്ഡം 112(3) (എച്ച്) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

" (എച്ച്) വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം സംബന്ധിച്ച്."

(1026) ഖണ്ഡം 112(3) (വി)-യിൽ, " പിരിച്ചെടുക്കേണ്ടത് ഏതു നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണെന്ന്" എന്നതിന് പകരം "പിരിച്ചെടുക്കുന്നതിന് പാലിക്കേണ്ട നിബന്ധനകളും ഉപാധികളും സംബന്ധിച്ച്" എന്നത് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 112-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 112-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നൂറ്റിപ്പതിമൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(1050) 1. (1)-ാം ഉപഖണ്ഡത്തിൽ, " 2015" എന്ന അക്കങ്ങൾക്കു പകരം "2016" എന്ന അക്കങ്ങളും "11" എന്ന അക്കങ്ങൾക്കു പകരം "4" എന്ന അക്കവും ചേർക്കേണ്ടതാണ്.

2. (2)-ാം ഉപഖണ്ഡത്തിലെ (i)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതും നിലവിലുള്ള (ii) മുതൽ (viii) വരെ ഇനങ്ങൾക്ക് (iii) മുതൽ (ix) എന്ന് പുനരക്കമിടേണ്ടതുമാണ്, അതായത്:-

" (i) റദ്ദാക്കപ്പെട്ട ആക്റ്റുകളിൻകീഴിൽ, പ്രസിദ്ധീകരിക്കപ്പെട്ടതായ മാസ്റ്റർ പ്ലാനോ, വികസന പ്ലാനോ ഉൾപ്പെടെയുള്ള ഒരു പ്രദേശത്തിനുവേണ്ടിയുള്ള ഏതെങ്കിലും ഒരു കരട് പൊതു നഗരാസൂത്രണപദ്ധതിയോ, അല്ലെങ്കിൽ ഒരു കരട് വിശദ നഗരാസൂത്രണപദ്ധതിയോ ഈ ആക്റ്റിൻകീഴിൽ, പ്രസിദ്ധീകരിക്കപ്പെട്ടതായ അതതു സംഗതിപോലെ, ഒരു കരട് മാസ്റ്റർ പ്ലാനോ ഒരു കരട് വിശദ നഗരാസൂത്രണ പദ്ധതിയോ ആയി കരുതപ്പെടുന്നതാണ്.

(ii) റദ്ദാക്കപ്പെട്ട ആക്റ്റുകളിൽകീഴിൽ, അനുമതി നൽകിയതായ മാസ്റ്റർ പ്ലാനോ, വികസന പ്ലാനോ ഉൾപ്പെടെയുള്ള ഒരു പ്രദേശത്തിനുവേണ്ടിയുള്ള ഏതെങ്കിലും ഒരു പൊതു നഗരാസൂത്രണപദ്ധതിയോ ഈ ആക്റ്റിൻ കീഴിൽ, അനുമതി നൽകിയതായ, അതതു സംഗതിപോലെ, ഒരു മാസ്റ്റർ പ്ലാനോ ഒരു വിശദ നഗരാസൂത്രണ പദ്ധതിയോ ആയി കരുതപ്പെടുന്നതാണ്."

3. (3)-ാം ഉപഖണ്ഡത്തിൽ, " 2015" എന്ന അക്കങ്ങൾക്കു പകരം "2016" എന്ന അക്കങ്ങളും "11" എന്ന അക്കങ്ങൾക്കു പകരം "4" എന്ന അക്കവും ചേർക്കേണ്ടതാണ്.

3. (4)-ാം ഉപഖണ്ഡത്തിൽ "ജൂൺ" എന്ന വാക്കിന് പകരം "ജൂലൈ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

1032, 1034, 1035, 1036, 1037, 1038 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 113-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 113-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(1039) നിയമപ്രഖ്യാപന വാക്യത്തിൽ "അറുപത്തിയാറാം" എന്ന വാക്കിനു പകരം "അറുപത്തിയേഴാം"എന്ന വാക്ക് ചേർക്കേണ്ടതാണ്.

(1040) I-ാം ഖണ്ഡത്തിൽ "2015" എന്ന അക്കങ്ങൾക്കു പകരം "2016" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

105, 107, 108, 109, 110, 112, 114, 115, 116, 119, 120, 121, 123, 124, 127, 129, 130, 131, 133, 135, 136, 139, 140, 143, 144, 150, 155 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

(115) ദീർഘശീർഷകത്തിൽ, " അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും"എന്നീ വാക്കുകൾ ഒഴിവാക്കുക.

മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): മറ്റുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയായ ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ നാളെ പരിഗണിക്കാനുള്ള ബില്ലുകൾ ഇന്ന് പരിഗണനയ്ക്കെടുക്കുകയാണ്.

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

(1) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ള അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ആരും സംസാരിക്കുകയുണ്ടായില്ല.)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനുള്ള ഭേദഗതി ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം രേഖപ്പെടുത്തുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അധിക വിഭവ സമാഹരണം നടത്തുകയെന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല.)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതി ഇല്ല)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതി ഇല്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.</u>

പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി പുതിയൊരു ക്ഷേമനിധി കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

(136) ഖണ്ഡം 2-ൽ "ഹോണറേറിയം" എന്ന വാക്ക് വരുന്നിടത്തെല്ലാം "ഓണറേറിയം" എന്ന വാക്ക് ചേർക്കുക.

142, 143, 144, 145, 146, 148, 149, 150, 151, 155, 156, 157, 158, 162, 163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

(143) ഖണ്ഡം 2(സി)-യിൽ "സ്ഥലംമാറ്റം" എന്നതിന് പകരം "തസ്തികമാറ്റം"എന്നത് ചേർക്കുക.

(148) ഖണ്ഡം 2 (ഡി)-യിൽ, " സ്ഥലംമാറ്റം" എന്നതിന് പകരം "തസ്തികമാറ്റം" എന്നത് ചേർക്കുക.

(155) ഖണ്ഡം 2(എച്ച്)-ൽ, " ആശ്രിതൻ " എന്ന വാക്കിനു പകരം "ആശ്രിതർ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

(194) ഖണ്ഡം 3(5)(ബി)-യിൽ, “ ആശ്രിതന്" എന്നതിന് പകരം "ആശ്രിതർക്ക്" എന്ന് ചേർക്കുക.

(198) ഖണ്ഡം 3(5)(ഇ)-യിൽ, “ ആശ്രിതന്" എന്നതിന് പകരം "ആശ്രിതർക്ക്" എന്നത് ചേർക്കുക.

166, 170, 171, 172, 176, 177, 178, 181, 182, 183, 184, 185, 186, 191, 193, 200, 202, 206, 207, 209, 212, 213, 214, 216, 217 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

(181) ഖണ്ഡം 3(5)(എ)-യിൽ, “ ഏതൊരംഗത്തിനും " എന്നതിനുശേഷം "അയാളുടെ സേവനകാലാവധി പൂർത്തിയാകുമ്പോഴോ" എന്ന് ചേർക്കുക.

(193) ഖണ്ഡം 3(5)(ബി)-യിൽ, " ആശ്രിതന്" എന്നത് "ആശ്രിതർക്ക്" എന്ന് ഭേദഗതി ചെയ്യുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും മന്ത്രി സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

221, 224, 226, 227, 231, 233 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

234, 235, 236, 237, 238, 240, 241, 242, 243, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

242. ഖണ്ഡം 5(4)-ൽ "അംഗത്വ സർട്ടിഫിക്കറ്റും" എന്നതിനുശേഷം "തിരിച്ചറിയൽ കാർഡും" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

247, 249, 250 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

253, 254, 255, 257, 261 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

262-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

267, 268 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

269, 270, 271, 272, 274, 279, 286, 287, 288, 291, 293, 294, 295, 296, 297 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

302, 303, 307, 310, 313, 314 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

318, 320, 321 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

324, 326, 327, 328, 329, 330, 331, 332, 333, 334, 336 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

339-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

340, 341, 342, 344, 346 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

347-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

350-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

353, 354 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

356-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

357-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

359, 360 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

362, 363 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിമൂന്നാം വകുപ്പ്

367-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

370. ഖണ്ഡം 24(1)-ൽ "നിർദ്ദേശപ്രകാരം" എന്നതിന് ശേഷം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നത് ചേർക്കുക.

371. ഖണ്ഡം 24(1)-ൽ, "അംഗീകാരത്തിനുശേഷം" എന്നതിന് പകരം "അംഗീകാരം ലഭിച്ചതിന് ശേഷം" എന്നത് ചേർക്കുക.

372. ഖണ്ഡം 24(2)-ൽ "വയ്പ്പിക്കേണ്ടതാണ്" എന്നതിന് പകരം "വയ്ക്കേണ്ടതാണ്" എന്നത് ചേർക്കുക.

368, 369 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

368. ഖണ്ഡം 24(1)-ൽ,

(i) “നിധിയുടെ" എന്നതിനു മുൻപിലായി "ബോർഡ്, ഓരോ സാമ്പത്തിക

വർഷത്തേയ്ക്കും മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ വിവരം നൽകുന്ന" എന്ന് ചേർക്കുക.

(ii) "ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും" എന്നത് ഒഴിവാക്കി "തയ്യാറാക്കിപ്പിക്കേണ്ടതും" എന്ന് ചേർക്കുക.

369. ഖണ്ഡം 24(1)-ൽ "നിധിയുടെ" എന്ന വാക്കിനുശേഷം "മുൻ വർഷത്തെ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

373, 376 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

380-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

381, 384, 385 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

386. ഖണ്ഡം 28(1)-ൽ "സർക്കാരിന്" എന്ന വാക്കിന് ശേഷം "ഗസറ്റ്" എന്ന വാക്ക് ചേർക്കുക.

387-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

389-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ്</u>

390-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

391, 392, 394, 395, 397 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

105, 106, 107, 108, 112, 115, 116, 118, 119, 121, 122, 124, 125, 128, 129, 132, 134 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : 2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഇന്ന് പതിമൂന്നാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിലെ അവസാനത്തെ ദിവസമാണ്. ഈ സമ്മേളനത്തെ നിയമസഭാ ചരിത്രത്തിലെ ഓർമ്മിക്കാൻ ആഗ്രഹിക്കാത്ത ഒന്നായിമാത്രമേ വിശേഷിപ്പിക്കാൻ കഴിയുകയുള്ളൂ. ഒന്നുകിൽ പ്രസംഗിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ബഹളം അല്ലെങ്കിൽ മനംമടുപ്പിക്കുന്ന വിധത്തിലുള്ള ശൂന്യതയാണ്. ഈ സർക്കാർ വിമർശനങ്ങളെ ഭയപ്പെടുന്നില്ല. പ്രതിപക്ഷത്തിന് സർക്കാരിനെ വിമർശിക്കാനും വ്യത്യസ്ത നിലപാടെടുക്കാനുമുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ വിമർശനങ്ങൾക്കുള്ള മറുപടി കേൾക്കാനുള്ള സഹിഷ്ണുതപോലും

പ്രതിപക്ഷം കാണിച്ചില്ല. അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയാൽ അസാധാരണമായ രീതിയിൽ മാത്രമേ അത് മെൻഷൻ ചെയ്യാതിരുന്നിട്ടുള്ളൂ. 237 ദിവസം സമ്മേളിച്ച പതിമൂന്നാം കേരള നിയമസഭയിൽ 7 ദിവസം മാത്രമാണ് അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് പരാമർശിക്കാതിരിക്കുകയോ സബ്മിഷനായി മാറ്റുകയോ ചെയ്തിട്ടുള്ളത്. എന്നാൽ പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്ത് 24 ദിവസം അടിയന്തരപ്രമേയ നോട്ടീസ് മെൻഷൻ ചെയ്യുകയോ സബ്മിഷനായി അനുവദിക്കുകയോ ചെയ്തില്ല. 14 ദിവസത്തേയ്ക്ക് നോട്ടീസ് കൊടുത്ത ഏറ്റവും പ്രധാനപ്പെട്ട ഈ സമ്മേളനത്തിൽ ഗവർണ്ണറുടെ പ്രസംഗവും ബഡ്ജറ്റ് ചർച്ചയും നടക്കേണ്ടതാണ്. ഗവൺമെന്റിനെ എതിർക്കാൻ ഒന്നുമില്ലാത്ത പ്രതിപക്ഷം പുകമറ സൃഷ്ടിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ട് തവണ അധികാരത്തിലിരുന്നപ്പോഴും കേസിന്റെ അന്വേഷണവും വിചാരണയും നടന്നുവെങ്കിലും എന്നെ പ്രതിയാക്കാൻ സാധിച്ചില്ല. പകരം സാക്ഷിയാക്കുകയാണുണ്ടായത്. പാമൊലിൻ ഇടപാടിനെക്കുറിച്ച് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന എനിക്ക് അറിയാം എന്നതുകൊണ്ടാണ് അന്നത്തെ മുഖ്യമന്ത്രി, ഭക്ഷ്യ വകുപ്പുമന്ത്രി, ഉദ്യോഗസ്ഥർ എന്നിവർ

നിരപരാധികളാണെന്ന ഉറച്ച നിലപാട് സ്വീകരിച്ചത്. രണ്ട് സീനിയർ ഉദ്യോഗസ്ഥരെ കേസിൽനിന്ന് വിടുതൽ ചെയ്ത തൃശ്ശൂർ വിജിലൻസ് കോടതി വിധി യു.ഡി.എഫ്. ഗവൺമെന്റും ഞാനും രണ്ട് പ്രാവശ്യം എടുത്ത നിലപാടിനുള്ള അംഗീകാരമാണ്. പാമൊലിൻ കരാർ സംസ്ഥാനത്തിന് പ്രയോജനകരമായിരുന്നു. ഗവൺമെന്റിന് നഷ്ടം സംഭവിച്ചുവെന്ന പ്രതിപക്ഷ പ്രചരണം അടിസ്ഥാനരഹിതമാണ്. പാമൊലിൻ ഇടപാട് സംസ്ഥാനത്തിന് ലാഭമാണ് ഉണ്ടാക്കിയത്. പാമൊലിൻ കേസ് പിൻവലിക്കാൻ സർക്കാർ രണ്ടുതവണ എടുത്ത തീരുമാനം യഥാർത്ഥത്തിൽ ശരിവച്ച തൃശ്ശൂർ വിജിലൻസ് കോടതി വിധിയിലൂടെ കുറ്റവിമുക്തരായ രണ്ട് ഉദ്യോഗസ്ഥർക്കും വളരെ വൈകിയാണെങ്കിലും നീതി ലഭിച്ചിരിക്കുകയാണ്. കേസ് പിൻവലിക്കുന്നതിന് മുൻകൈ എടുക്കാൻ സാധിച്ചുവെന്നത് ആശ്വാസം നൽകുന്നതാണ്. പാമൊലിൻ ഇടപാടിൽ പ്രതിയാകും എന്ന് ഭയപ്പെട്ട് കേസ് പിൻവലിച്ചുവെന്ന് ആരോപിക്കുന്ന പ്രതിപക്ഷം എന്തുകൊണ്ടാണ് എൽ.ഡി.എഫ്. ഭരണകാലത്ത് എന്നെ പ്രതിയാക്കാൻ സാധിക്കാതെ പോയതെന്ന് വ്യക്തമാക്കണം. ഇത്തവണ ആകെ സഭ ചേർന്ന പതിനൊന്ന് ദിവസത്തിൽ പ്രമുഖ വ്യക്തികൾക്ക് അനുശോചനമർപ്പിക്കാൻ ചേർന്ന

രണ്ട് ദിവസം മാത്രമാണ് സഭ ശാന്തമായിരുന്നത്. കേരള നിയമസഭയ്ക്ക് ചരമോപചാരം അർപ്പിക്കാൻ മാത്രമേ കഴിയൂ എന്ന സ്ഥിതിയാണെന്ന് മാത്രമല്ല ഇത് മലയാളികൾക്കാകെ നാണക്കേടുമാണ്. യു.ഡി.എഫ്. ഗവൺമെന്റ് ജനങ്ങൾക്ക് നല്കിയ വാഗ്ദാനങ്ങൾ പാലിക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. അഭിപ്രായ വ്യത്യാസങ്ങൾക്കും തർക്കങ്ങൾക്കും ജനാധിപത്യ ശൈലിയിൽ പരിഹാരം കാണുകയും സഹമന്ത്രിമാർ, എം.എൽ.എ.മാർ, ഘടകകക്ഷികൾ എന്നിവരുടെ പൂർണ്ണമായ സഹകരണവും പിന്തുണയുമാണ് ഈ ഗവൺമെന്റിന്റെ പ്രവർത്തന നേട്ടമായി വിലയിരുത്തുകയും ചെയ്യുന്നത്. തെറ്റ് ചെയ്തിട്ടില്ലെന്നുള്ള പൂർണ്ണ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലും മുന്നണിയിൽനിന്നും സഹപ്രവർത്തകരിൽനിന്നും സുഹൃത്തുക്കളിൽനിന്നുമുള്ള പിന്തുണയും ലക്ഷക്കണക്കിന് ആളുകളുടെ പ്രാർത്ഥനയുമാണ് പ്രതിസന്ധികൾ തരണം ചെയ്യാൻ സഹായിച്ചത്. ഇനിയുള്ള തീരുമാനം ജനകീയ കോടതിയുടേതാണ്. തികഞ്ഞ ആത്മവിശ്വാസത്തോടും കൂട്ടായ്മയോടുംകൂടി നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിടും. വിമർശനങ്ങളിലൂടെ തിളക്കമാർന്ന പ്രവർത്തനം നടത്താൻ ഈ മുന്നണിക്ക് സാധിച്ചിട്ടുണ്ട്. എതിർത്തവരോടും വിമർശിച്ചവരോടും ആരോപണം

ഉന്നയിച്ചവരോടും എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## പ്രത്യേക പരാമർശം

<u>ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ.യ്ക്കുനേരെയുണ്ടായ ആക്രമണം</u>

ചീഫ് വിപ്പ് <u>(ശ്രീ. തോമസ് ഉണ്ണിയാടൻ):</u> ഈ സഭയിലെ അംഗമായ ശ്രീ. ടി. എൻ. പ്രതാപൻ 23-02-2016-ന് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽപെട്ട പുത്തൻചിറയിലെ സ്പിന്നിംഗ് മില്ലിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ മടങ്ങിയശേഷം നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി വണ്ടിയിൽ യാത്ര ചെയ്യവേ സി.പി.ഐ.(എം.) പ്രവർത്തകർ ഉൾപ്പെടെയുള്ള ആളുകൾ കാർ തകർക്കുകയും അദ്ദേഹത്തെ ആക്രമിക്കുകയുമുണ്ടായി. ആക്രമണത്തിൽ പരിക്കേറ്റ് കൊടുങ്ങല്ലൂർ സർക്കാർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അദ്ദേഹം നിരാഹാര സത്യാഗ്രഹത്തിലും പ്രദേശത്തെ ഐക്യജനാധിപത്യമുന്നണി പ്രവർത്തകർ രാത്രി മുതൽ ഉപവാസവും ആരംഭിച്ചിരിക്കുകയാണ്. സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ന് ആ പ്രദേശത്ത് ഹർത്താൽ ആചരിക്കുകയാണ്. സഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു നിയമസഭാംഗം ആക്രമണത്തിനിടയാകുന്ന സംഭവം അത്യന്തം ഖേദകരമാണ്. ഇത്തരം പ്രവർത്തനങ്ങൾ നാടിന് ഭൂഷണമല്ല. കുറ്റവാളികളെ

കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വളരെ ദൗർഭാഗ്യകരമായ സംഭവമാണ് ഇരിങ്ങാലക്കുടയിലും കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറയിലുമുണ്ടായത്. ഇന്നലെ മുഖ്യമന്ത്രിക്കുനേരെ നടന്നത് ഹീനമായ ബലപ്രയോഗമായിരുന്നു. പോലീസ് സംയമനം പാലിച്ചതുകൊണ്ടാണ് കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരുന്നത്. പുത്തൻചിറയിൽ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ പോയതിനുശേഷം ശ്രീ. ടി. എൻ. പ്രതാപൻ കാറിൽ മടങ്ങുന്ന സമയത്താണ് അദ്ദേഹത്തെ തടഞ്ഞുനിർത്തി കാറിൽനിന്ന് വലിച്ചിടാൻ ശ്രമിക്കുകയും വാഹനം അടിച്ചുതകർക്കുകയും ചെയ്തിട്ടുള്ളത്. യു.ഡി.എഫ്. പ്രവർത്തകർ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഇന്ന് ഹർത്താൽ ആചരിക്കുകയാണ്. പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും കടുത്ത പ്രതിഷേധമാണ് ഉള്ളത്. ആക്രമണത്തിന് ഉത്തരവാദികളായവരുടെ പേരിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. അറിയാവുന്ന പ്രതികളുടെ പേരിൽ കേസ് എടുക്കുകയും ശക്തമായ നടപടികളുമായി മുന്നോട്ട് പോകുകയുമാണ്. ജനപ്രതിനിധിക്ക് നേരെയുണ്ടായ കയ്യേറ്റവും വാഹനം

തകർത്ത നടപടിയും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അംഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥനായ ചീഫ് വിപ്പ് ഉന്നയിച്ച കാര്യം ഗൗരവത്തോടെ കാണുന്നതാണ്. ശ്രീ. ടി. എൻ. പ്രതാപൻ ഉപവാസ സമരം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

<u>അംഗപരിമിതരുടെ സെൻസസ് റിപ്പോർട്ട്</u>

അംഗപരിമിതരുടെ സെൻസസ് റിപ്പോർട്ട് 2015 സംബന്ധിച്ച് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## അറിയിപ്പ്

<u>മി.സ്പീക്കർ</u>: നിയമസഭാംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതിനും മാധ്യമപ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി അത്താഴ വിരുന്ന് സംഘടിപ്പിക്കുന്നതിനും കാര്യോപദേശകസമിതി തീരുമാനിച്ചിരുന്നുവെങ്കിലും ഇന്ന് അത് നടത്താൻ സാധിക്കാത്തതിനാൽ തെരഞ്ഞെടുപ്പിനുശേഷം ഒരു ദിവസം പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതായിരിക്കും.

മുൻസ്പീക്കർ ജി. കാർത്തികേയന്റെ നാമധേയത്തിലുള്ള മാധ്യമ അവാർഡ്

കൊടുക്കുന്നതിനും നിയമസഭയുടെ രണ്ട് ഹാളുകൾക്ക് മുൻ സ്പീക്കർമാരുടെ പേരുകൾ നൽകുന്നതിനുമുള്ള ഒരു ചടങ്ങ് നാളെ (25.02.2016) ഉച്ചയ്ക്ക് 2.30-ന് നടത്തുന്നതാണ്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇന്ന് വൈകുന്നേരം 6 മണിക്ക് നിയമസഭാ മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ജൈവ കാർഷിക മണ്ഡലം അവാർഡ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മാനിക്കുന്നതാണ്. പ്രസ്തുത ചടങ്ങിലും അത്താഴവിരുന്നിലും ബഹുമാനപ്പെട്ട എല്ലാ നിയമസഭാ സാമാജികരും മാധ്യമപ്രവർത്തകരും പങ്കെടുക്കണമെന്ന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി അറിയിക്കുന്നു.

## അവകാശ ലംഘന പ്രശ്നങ്ങൾ

<u>അനുമതി നിഷേധിച്ചവ</u>

പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്നിവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും ശ്രീ. വി. ശിവൻകുട്ടി പൊതുഭരണ വകുപ്പുസെക്രട്ടറിക്കെതിരെയും നൽകിയ അവകാശ ലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിക്കുന്നു.

പരിഗണനയിലിരിക്കുന്നവ

ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി.എൻ. പ്രതാപൻ എന്നിവർ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്യുതാനന്ദനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്. വിശദമായ റൂളിംഗ് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

## പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ: 13-ാം കേരള നിയമസഭയുടെ പതിനൊന്ന് ദിവസം നീണ്ടുനിന്ന പതിനാറാം സമ്മേളനം ഫെബ്രുവരി 5 ന് നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിച്ചു. മുൻസ്പീക്കർ എ.സി. ജോസ്, ഒ.എൻ.വി. കുറുപ്പ് എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ച് രണ്ടുദിവസം സഭാ നടപടികൾ അവസാനിപ്പിച്ചു. 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും 2016 ഏപ്രിൽ മുതൽ നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും വോട്ട് ഓൺ അക്കൗണ്ടിനെ സംബന്ധിച്ചും ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുമുള്ള ധനവിനിയോഗ ബില്ലുകളും 2015-ലെ

കേരള നഗര-ഗ്രാമാസൂത്രണ ബിൽ, 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ എന്നിവയും സഭ പരിഗണിച്ച് പാസ്സാക്കുകയുണ്ടായി. 2011 മേയ് 14-ന് രൂപീകൃതമായ ഈ സഭയുടെ ആദ്യസമ്മേളനം 2011 ജൂൺ 1-ാം തീയതി ആരംഭിച്ചു. ഇതുവരെ പതിനാറ് സമ്മേളനങ്ങളിലായി 237 ദിവസം സഭ സമ്മേളിക്കുകയും 1445-ൽ അധികം മണിക്കൂർ നടപടികൾ നടത്തുകയുമുണ്ടായി. ഈ സഭയുടെ കാലയളവിൽ മന്ത്രി ടി. എം. ജേക്കബും സ്പീക്കർ ജി. കാർത്തികേയനും നമ്മെ വിട്ടുപിരിഞ്ഞു.

1 മുതൽ 16 വരെയുള്ള സമ്മേളന കാലയളവിൽ അംഗങ്ങൾ നോട്ടീസ് നൽകിയ 1,43,376 ചോദ്യങ്ങളിൽ 1,41,387 ചോദ്യങ്ങൾ (നക്ഷത്രചിഹ്നമിട്ട 62,952 ചോദ്യങ്ങളും നക്ഷത്രചിഹ്നമിടാത്ത 78235 ചോദ്യങ്ങളും) അനുവദിക്കുകയും നക്ഷത്രചിഹ്നമിട്ട 679 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാങ്മൂലം മറുപടി നൽകുകയും ചെയ്തു. 144 ബില്ലുകൾ പാസ്സാക്കിയതിൽ 33 ഒറിജിനൽ ബില്ലുകളും 58 ഭേദഗതി ബില്ലുകളും 53 ധനവിനിയോഗ ബില്ലുകളും ഉൾപ്പെടുന്നു. രാഷ്ട്രപതി തിരിച്ചയച്ച് രജിസ്ട്രേഷൻ (കേരള ഭേദഗതി)ബിൽ, 2009 പുന:പരിഗണിക്കുകയും പാസ്സാക്കുകയും Code of Criminal Procedure (Kerala Amendment) Bill,200, The Grants and Lease Modification of Rights(Amendment) Bill, 1999

എന്നിവ രാഷ്ട്രപതിയുടെ നിർദ്ദേശപ്രകാരം പിൻവലിക്കാൻ അനുവദിക്കുകയും ചെയ്തു. ഇക്കാലയളവിൽ 191 അടിയന്തരപ്രമേയ നോട്ടീസുകൾ ലഭിച്ചതിൽ 5 എണ്ണം സഭ ചർച്ച ചെയ്തു. 347 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളും 2495 സബ്മിഷനുകളും അവതരിപ്പിച്ചു. ചട്ടം 130 അനുസരിച്ചുള്ള 7 നോട്ടീസുകളും ചട്ടം 58 പ്രകാരമുള്ള 3 നോട്ടീസുകളും ചട്ടം 250(ബി) പ്രകാരമുള്ള ഒരു നോട്ടീസും 5 സ്റ്റാറ്റ്യൂട്ടറി/ഗവൺമെന്റ് പ്രമേയങ്ങളും സഭ മുമ്പാകെ വന്നു. ചട്ടം 300 അനുസരിച്ച് 30 സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട മന്ത്രിമാർ നടത്തുകയും 13 ചട്ടങ്ങളുടെ ഭേദഗതി പരിഗണിക്കുകയും ചെയ്തു. 6 ബഡ്ജറ്റ് പ്രസംഗങ്ങളും 6 നയപ്രഖ്യാപന പ്രസംഗങ്ങളും അവതരിപ്പിച്ചു. 100 അനൗദ്യോഗിക പ്രമേയങ്ങൾക്ക് നോട്ടീസ് ലഭിച്ചതിൽ 64 ബില്ലുകൾക്ക് അവതരണാനുമതി തേടുകയും 10 അനൗദ്യോഗികപ്രമേയങ്ങൾ ചർച്ച ചെയ്യുകയും 6 പ്രമേയങ്ങൾ സഭ അംഗീകരിക്കുകയും 3 പ്രമേയങ്ങൾ മന്ത്രിമാരുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കുകയും 2 എണ്ണം സഭ നിരാകരിക്കുകയും ചെയ്തു. വിവിധ നിയമസഭ സമിതികൾ 578 റിപ്പോർട്ടുകളും സബ്ജക്ട് കമ്മിറ്റികൾ സ്പെഷ്യൽ റിപ്പോർട്ടുകൾ ഉൾപ്പെടെ 341 റിപ്പോർട്ടുകളും സമർപ്പിച്ചു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അതിന്റെ 100-ാമത്തെ റിപ്പോർട്ട് സമർപ്പിച്ചു. പരിസ്ഥിതി സമിതി, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി എന്നിവ മുൻകാലങ്ങളിലെ റിപ്പോർട്ടുകളിന്മേലും നിലവിലെ സമിതിയുടെ റിപ്പോർട്ടുകളിന്മേലും ആക്ഷൻ

ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിച്ചത് അഭിനന്ദനാർഹമാണ്. മുൻനിയമസഭാംഗങ്ങൾ ഉൾപ്പെടെ 83 പ്രമുഖ വ്യക്തികളുടെ നിര്യാണം സംബന്ധിച്ച റഫറൻസ് നടത്തി. പെരുമാറ്റ ചട്ടലംഘനത്തിന് 7 അംഗങ്ങളെ സസ്പെന്റ് ചെയ്യുകയും 5 അംഗങ്ങളെ ശാസിക്കുകയും 6 അംഗങ്ങൾക്ക് താക്കീത് നൽകുകയും ചെയ്തു. കൂറുമാറ്റ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരംഗത്തിന്റെ അംഗത്വം റദ്ദാക്കി. നിയമസഭാ സമ്മേളനം ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും ദേശീയ ഗാനം ആലപിക്കുന്ന രീതി നിലവവിൽ വന്നു. അംഗങ്ങൾക്ക് സഭയിൽ ലാപ്ടോപ്പും ഐപാഡും ഉപയോഗിക്കാൻ അനുവാദം നൽകുകയും സ്പീക്കർ സഭയിൽ എത്തുമ്പോൾ നടത്തിയിരുന്ന ഇംഗ്ലീഷിലുള്ള അറിയിപ്പ് മലയാളത്തിലാക്കുകയും ചെയ്തു. നിയമസഭാ നടപടികളുടെ വെബ്കാസ്റ്റിംഗും അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്കും ആരംഭിക്കുകയും ചോദ്യങ്ങൾ കമ്പ്യൂട്ടർവത്കരിക്കുകയും ചെയ്തു. നിയമസഭയുടെ പ്രൊസീഡിംഗ്സ് സമയബന്ധിതമായി പ്രിന്റ് ചെയ്ത് ഇറക്കുകയും നിയമസഭാ അൺകറക്റ്റഡ് പ്രൊസീഡിംഗ്സ് 48 മണിക്കൂറിനുള്ളിൽ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തു. നിയമസഭയുടെ രജത ജൂബിലി വിവിധ പരിപാടികളോടെ ആഘോഷിച്ചു. ആഘോഷപരിപാടികളുടെ ഭാഗമായി 2012 ഒക്ടോബർ 30 ന് രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയും 2013 സെപ്റ്റംബർ 11-ന് ഉപരാഷ്ട്രപതി ഡോ. എം. ഹമീദ് അൻസാരിയും നിയമസഭയുടെ പ്രത്യേക

സമ്മേളനത്തെ അഭിസംബോധന ചെയ്തു. നിയമസഭാ സെക്രട്ടേറിയറ്റിന്റെ വജ്രജൂബിലിയും വിവിധ പരിപാടികളോടെ ആഘോഷിച്ചു. 2012 ഏപ്രിൽ 11-ന് ഡോ. കെ.ജെ. യേശുദാസിനെ നിയമസഭ ആദരിച്ചു. നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് ആരംഭിച്ചു. നിയമസഭാ റിപ്പോർട്ടിംഗിന് ജി. കാർത്തികേയൻ മാധ്യമ അവാർഡ് ഏർപ്പെടുത്തി. നിയമസഭാ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുന്നതിന് സഹകരിച്ച ബഹുമാന്യരായ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ, ഗവൺമെന്റ് ചീഫ് വിപ്പ്, കക്ഷി നേതാക്കൾ, പാനൽ ഓഫ് ചെയർമാൻ, സാമാജികർ എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്ത പത്രപ്രവർത്തകർ, നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർ, വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു. ചില ദൗർഭാഗ്യകരമായ സംഭവങ്ങൾ സഭയിൽ ഉണ്ടായിട്ടുണ്ടെങ്കിലും നിയമസഭാ സമ്മേളനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ ഭാഗത്തുനിന്നും ചെയറിന് ലഭിച്ച പിന്തുണയ്ക്കും സഹകരണത്തിനും ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ബഹുമാനപ്പെട്ട സാമാജികർക്ക് എല്ലാവിധ നന്മകളും ആശംസിക്കുന്നു. സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.30 ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

*************